# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചുനക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-12/215 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചുനക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-12/215 /2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുഷ റ്റി പിള്ള ,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ മനേഷ് കുമാർ ജി ,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽ കുമാർ ജി ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ .കെ ആർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| അനിൽകുമാർ | | | |
| ശ്രീമതി ഗംഗാലക്ഷ്മി | സെക്രട്ടറി | 01-04-2021 | 09-03-2022 |
| ശ്രീമതി രേണു ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സരിത | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ തോമസ് മാത്യു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി അമിത സി എ | ഐ. ഐ .സി. ഡി. എസ് സൂപ്പർവൈസർ | 01-04-2021 | 05-07-2021 |
| ശ്രീമതി കവിത ജി നായർ | ഐ. ഐ .സി. ഡി. എസ് സൂപ്പർവൈസർ | 06-07-2021 | 31-03-2022 |
| ഡോ ഇൃഷാദ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2021 | 04-06-2021 |
| ഡോ അനിൽ കുമാർ എസ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 05-06-2021 | 31-03-2022 |
| ഡോ രാജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 20-04-2021 |
| ഡോ.മനു.വി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 21-04-2021 | 16-11-2021 |
| ഡോ രാജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 17-11-2021 | 31-03-2022 |
| ശ്രീമതി ഉമ | എച്ച് .എം ഗവ.യു.പി.എസ്. | 01-04-2021 | 31-05-2021 |
| ശ്രീമതി സുജാത റ്റി എം | എച്ച് .എം ഗവ.യു.പി.എസ്. | 01-06-2021 | 08-02-2022 |
| ശ്രീമതി യമുന എം എസ് | എച്ച് .എം ഗവ.യു.പി.എസ്. | 09-02-2022 | 31-03-2022 |
| ശ്രീമതി ഫസീല ബീവി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 16-07-2021 |
| ശ്രീമതി നിള ഹിരൺ | അസിസ്റ്റന്റ് എൻജിനീയർ | 17-07-2021 | 31-03-2022 |
| ശ്രീമതി നാദിയ അഹമ്മദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 19-05-2021 |
| ശ്രീമതി ജിൻഷാദ് ഹസൻ | വില്ലേജ് എക്സ്റ്റൻഷൻ | 20-05-2021 | 05-10-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി വിജയശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 06-10-2021 | 31-03-2022 |
| ശ്രീ നവാസ് എസ് | അസി.സെക്രട്ടറി | 01-04-2021 | 09-07-2021 |
| ഒഴിവ് | അസി.സെക്രട്ടറി | 10-07-2021 | 14-07-2021 |
| ശ്രീ മധു | അസി.സെക്രട്ടറി | 15-07-2021 | 23-11-2021 |
| ഒഴിവ് | അസി.സെക്രട്ടറി | 24-11-2021 | 05-12-2021 |
| ശ്രീമതി രേണു ആർ | അസി.സെക്രട്ടറി | 06-12-2021 | 31-03-2022 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ശ്രീമതി മെർലിൻ മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 11 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത -നികുതി ഈടാക്കിയതിൽ കുറവ് | 1-10 |
| 12 | പെട്രോൾ പമ്പുകൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചില്ല | 1-11 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ചില്ല - റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-12 |
| 14 | വാടക സംബന്ധമായ അപാകതകൾ | 1-13 |
| 15 | ടെൻഡർ ഫീസിനത്തിൽ 2.09 ലക്ഷം രൂപ പഞ്ചായത്തിന് ലഭ്യമാകാനുണ്ട്. | 1-14 |
| 16 | ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-15 |
| 17 | പത്രപ്പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല-അധികമായി തുക ചെലവഴിക്കേണ്ടതായി വരുന്നു | 1-16 |
| 18 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയെങ്കിലും വാട്ടർ ചാർജ്ജ് പുനർനിർണ്ണയിച്ചില്ല | 1-17 |
| 19 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണ ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | 1-18 |
| 20 | വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയില്ല - ഇന്ധന ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | 1-19 |
| 21 | കുടിവെള്ള വിതരണം - കരാറുകാർക്ക് കുടിശ്ശിക നിലനിൽക്കുന്നു | 1-20 |
| 22 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - കരാറിൽ ഏർപ്പെടാത്ത ആളിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി | 1-21 |
| 23 | സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-22 |

| | | |
|---|---|---|
| 24 | പ്രവർത്തന ക്ഷമത ഉറപ്പാക്കാതെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു, പ്രവർത്തനം നിലച്ചതിനാൽ പ്രോജക്ട് ലക്ഷ്യം കണ്ടില്ല | 1-23 |
| 25 | മിനി എം.സി.എഫ് - ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല | 1-24 |
| 26 | പ്രോജക്ട് ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെടാതെ ചെലവഴിച്ചു | 1-25 |
| 27 | ലൈബ്രറി - പ്രവർത്തനം തികച്ചും ശോച്യാവസ്ഥയിൽ | 1-26 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -കൂടിയ ടെൻഡർ അംഗീകരിച്ചു | 1-27 |
| 29 | വനിതാ ഘടക പദ്ധതിയിലുൾപ്പെട്ട പദ്ധതികൾ നടപ്പാക്കിയില്ല | 1-28 |
| 30 | കോവിഡ് പ്രതിരോധപ്രവർത്തനത്തിന്റെ ചെലവുരേഖകൾ ഹാജരാക്കിയില്ല-23000 രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 31 | ഐ.സി.ഡി.എസ് ഓഫീസിന് അടിസ്ഥാന സൗകര്യങ്ങളില്ല | 1-30 |
| 32 | വയോജനവാടിയ്ക്ക് ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-31 |
| 33 | കരിമുളയ്ക്കൽ ചിൽഡ്രൻസ് ഹോം റോഡ് പുനരുദ്ധാരണം-പദ്ധതി പൂർത്തീകരണം കൈവരിച്ചില്ല | 1-32 |
| 34 | സ്ത്രീ സൗഹൃദമാകാത്ത സ്ത്രീ സൗഹൃദ വിശ്രമ മുറി | 1-33 |
| 35 | പുറമ്പോക്കുകളുടെ സംരക്ഷണം | 1-34 |
| 36 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈ ചെയ്യു കരാറുകാരിൽ നിന്നും ആദായ നികുതിയും ജിഎസ്സ്ടിയും ഈടാക്കിയില്ല | 1-35 |
| 37 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 220215273 | 217672000 |
| വാർഷിക കണക്ക് പ്രകാരം | 186284479 | 185910634 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | സമർപ്പിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 22.08.2022 |

31.07.2022 ആണ് വാർഷിക കണക്ക് സമർപ്പിക്കാവുന്ന അവസാന തീയതിയെങ്കിലും 22.08.2022 ൽ മാത്രമാണ് കണക്ക് സമർപ്പിച്ചിട്ടുള്ളത് .

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2021-22 ലെ വാർഷിക ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വാടക ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ്, റീഫണ്ട് തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല

2.അഡ്വാൻസ് രജിസ്റ്ററിൽ വിവിധ ഏജൻസികൾക്ക് നൽകിയ മുൻകൂറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ വാർഷിക ധനകാര്യ പത്രികയിലെ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല

3. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

4.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

6.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

7. ഐ.എൽ.ജി.എം.എസിൽ ഹെഡുകൾ പുന:ക്രമീകരിച്ചതിനാൽ RP-16ൽ Revenue Expense - Service Sector വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട മരുന്ന് വാങ്ങൽ പോലെയുള്ള ആരോഗ്യ സംബന്ധമായ ചെലവുകൾ Revenue Expense - Productive Sector ലാണ് ചേർത്തിട്ടുള്ളത്. (ഉദാ.Purchase Of Homeo Medicines(head Code 251110208), Ayurvedha Medicines (Head Code 251110109 And Paliative Care (Head Code 251110501).

8. വിവിധ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കാനാധാരമായ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9.ഇടപാടുകളില്ലാതെ ഏതാനും അക്കൗണ്ടുകൾ നിഷ്ക്രിയമായി നിലനിൽക്കുന്നു. ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ടി അക്കൗണ്ടുകളുടെ വിശദാംശങ്ങൾ എ.സി.ആർ ൽ രേഖപ്പെടുത്തിയിട്ടില്ല

10.വിവിധ ഗ്രാന്റിനങ്ങളിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത (Source Deduction) തുകകൾക്ക് ജി.ഒ പ്രോജക്ടുകൾ വെക്കാത്തതിനാൽ അക്കൗണ്ട് ചെയ്യപ്പെ ട്ടിട്ടില്ല

വിവിധ ഗ്രാന്റുകളിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത (Source Deduction) തുകകൾക്ക് തുല്യമായ തുക ജി.ഒ പ്രോജക്ടുകൾ വെച്ച് അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ വരവ് ചെലവ് കണക്കുകൾ, ലോൺ തിരിച്ചടവ് തുകകളിൽ

വ്യത്യാസം നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

(I) ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് (എസ്.സി.പി) ഇനത്തിൽ വികസന ഫണ്ടിൽ (എസ്.സിപി) നിന്നും ആകെ 325686/- രൂപ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്(Source Deduction). എന്നാൽ രണ്ടാം ഗഡുവിൽ നിന്നും കുറവ് ചെയ്ത 146667/- രൂപയ്ക്ക് മാത്രമാണ് ജി.ഒ പ്രോജക്ട് വെച്ചിട്ടുള്ളത്. എസ്.സി.പി മൂന്നാം ഗഡുവിൽ (G.O(Rt)22/2022/1.1.2022) നിന്നും സോഴ്സിൽ കുറവ് ചെയ്ത 179019/- രൂപ അക്കൗണ്ട് ചെയ്യുകയോ പ്രോജക്ട് വെയ്ക്കുകയോ ചെയ്യാത്തതിനാൽ ടി തുക പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

(Ii) ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് (ജനറൽ), അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനങ്ങളിൽ വികസന ഫണ്ടിൽ (ജനറൽ) നിന്നും (യഥാക്രമം 1228980/-രൂപ, 963600/- രൂപ ) ആകെ 2192580/- ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്(Source Deduction). എന്നാൽ ഈയിനങ്ങളിൽ ആകെ 1441733/- രൂപയ്ക്ക് മാത്രമാണ് ജി.ഒ പ്രോജക്ട് വെച്ചിട്ടുള്ളത്. വികസന ഫണ്ടിൽ (ജനറൽ) മൂന്നാം ഗഡുവിൽ (G.O(Rt)22/2022/1.1.2022) നിന്നും ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് (ജനറൽ) ഇനത്തിൽ സോഴ്സിൽ കുറവ് ചെയ്ത 750847/- രൂപ അക്കൗണ്ട് ചെയ്യുകയോ പ്രോജക്ട് വെയ്ക്കുകയോ ചെയ്യാത്തതിനാൽ ടി തുക പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

11.വിവിധ സർക്കാർ ഗ്രാന്റുകളുടെ അവസാന അലോട്ട്മെന്റുകൾ വാർഷിക ധനകാര്യ പത്രികയിൽ വരവായി എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

(I) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) നാലാം ഗഡുവായി (G.O(Rt)2617/2022/31.03.2022) ലഭിച്ച 383200/- രൂപ വരവായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, സുലേഖ പത്രിക എന്നിവയിലെ വരവ് കണക്ക് കൃത്യമല്ല.

(Ii). മെയിന്റനൻസ് ഫണ്ട് (റോഡ്) നാലാം ഗഡുവായി (G.O(Rt)2617/2022/31.03.2022) ലഭിച്ച 376364/- രൂപ വരവായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, സുലേഖ പത്രിക എന്നിവയിലെ വരവ് കണക്ക് കൃത്യമല്ല.

(Iii). ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 13 ഗഡുക്കളായി ആകെ 12201622/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ RP-7, I-6 എന്നിവ പ്രകാരം വരവ് 12178000/- മാത്രമാണ്. അവസാന ഗഡുവായി (G.O(Rt)2549/2022/30.3.2022) ലഭിച്ച 23622/- രൂപ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

12.വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിക്കപ്പെട്ട എല്ലാ ഗഡുക്കളും (നാലാം ഗഡു, റിഡംപ്ഷൻ തുക, ജി.ഒ പ്രോജക്ടുകൾ) വരവായി എടുക്കാതെയും സോഴ്സിൽ കുറവ് ചെയ്ത തുക വരവ് ചെലവ് കണക്കിൽ ഉൾപ്പെടുത്താതെയുമുള്ളതിനാൽ (പരാമർശം 10, 11) ആർപി.7, സുലേഖ ചെലവ് പത്രിക എന്നിവയിലെ കണക്കുകൾ യഥാർത്ഥ വരവ്, ചെലവ് കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല

13. ഡി.സി.ബി ഇനങ്ങളായ വസ്തുനികുതി (കറണ്ട് & അരിയർ) ഇനങ്ങളിൽ കൃത്യതയില്ല

14. കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ ബാലൻസ് ഷീറ്റ് (ബി-5) പ്രകാരം 4572094/- രൂപ ബാദ്ധ്യത നിലനിൽക്കുന്നുണ്ട്. എന്നാൽ ഷെഡ്യൂൾ ബി-16, Prepaid Program Expense ആയി 4252094/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 320000/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

15. തൻവർഷ വാടക രജിസ്റ്ററിൽ ഡി.സി.ബി കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ശരിയായ കണക്ക് പ്രതിഫലിക്കുന്നില്ല (വിശദാംശങ്ങൾക്ക് ഖണ്ഡിക 1-13 കാണുക)

16. ഇടപാടുകളില്ലാത്ത എസ്.ബി.ഐ സാലറി എന്ന ഒരു അക്കൗണ്ട് (A/c നം.67262679697 തുക -4508/-) വർഷങ്ങളായി നിലനിൽക്കുന്നു. മറ്റ് അക്കൗണ്ടുകളായ ഫെഡറൽ ബാങ്ക്, (A/c.101), കേരള ഗ്രാമീൺ ബാങ്ക്, SBI- AIDS, SBI – സാക്ഷരത, SBI - Special SGRY എന്നീ അക്കൗണ്ടുകളും നിഷ്ക്രിയമായി തുടരുന്നു.

17. സി.എഫ്.സി ഗ്രാന്റിൽ നിന്നുള്ള പ്രോജ. നം. 107/22, തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ (ചെലവ് - 684081/-), പ്രോജ. നം. 110/22, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (ചെലവ് - 437792/-) എന്നീ പ്രോജക്ട് ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെടാതെയാണ് ചെലവഴിച്ചിട്ടുള്ളത് (വിശദാംശങ്ങൾ ഖണ്ഡിക 1-25 കാണുക)

18.ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ചെലവഴിച്ച 9000/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

19. P.D.E (Past Data Entry) അപാകതകൾ

6.9.2021 ൽ സാംഖ്യ സോഫ്റ്റ് വെയർ പ്രവർത്തനം അവസാനിപ്പിക്കുകയും 7.9.2021 മുതൽ ഐ.എൽ.ജി.എം.എസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1.4.2021 മുതൽ 6.9.2021 വരെയുള്ള സാംഖ്യയിലെ ഡേറ്റ പി ഡി ഇ (പാസ്റ്റ് ഡാറ്റാ എൻട്രി) പ്രകാരം ILGMS ന്റെ ഭാഗമാക്കുമ്പോൾ ലോക്കൽ സാംഖ്യയിലെയും ILGMS ലെയും 1.4.2021 മുതൽ 6.9.2021 വരെയുള്ള റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ (ആകെ വരവ് /ചെലവ് ), ബാലൻസ് ഷീറ്റ് എന്നിവ തുല്യമാകേണ്ടതാണ്. ഇവ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യത്യാസം കാണുന്നു.

RECEIPT& PAYMENT

| ഇനം | ഐഎൽജിഎംഎസ് 06.09.2021 | സാംഖ്യ 6.09.2021 |
|---|---|---|
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് | 27117134 | 26884979.2 |
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള ചെലവ് | 26671073 | 26440159.2 |
| റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് | 17162066 | 17160825.8 |

INCOME & EXPENDITURE

| ഇനം | ഐഎൽജിഎംഎസ് 06.09.2021 | സാംഖ്യ 06.09.2021 |
|---|---|---|
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ് | 16258201 | 16018164 |
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ചെലവ് | 25255282 | 24330535 |
| ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള Gross Surplus/Deficit | (-)8997081 | (-)8312371 |

BALANCE SHEET

| ഇനം | ഐഎൽജിഎംഎസ് 06.09.2021 | സാംഖ്യ 06.09.2021 |
|---|---|---|
| ബാദ്ധ്യത – B1-Panchayath(General) Fund – Excess Income Over Expenditure | (-)24228465 | (-)24446976.20 |
| ബാദ്ധ്യത – B4-Grants, Funds And Contributions For Specific Purposes | 28302472 | 28287470 |
| ആസ്തി - Capital Work In Progress | 4055014 B-11(b) | 3822851 B-11(a) |
| ആസ്തി - B-15-Sundry Debtors(receivables) | (-)1124912 | (-)1125112 |

മേൽ പറഞ്ഞ രണ്ട് പത്രികകളിലെയും ഡാറ്റാ എൻട്രിയിലുണ്ടായ വ്യത്യാസം പരിശോധിച്ച് തുകകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/10.02.2023) അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുകകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതും തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16716005 |
| വരവ് | 76867950 |
| ആകെ | 93583955 |
| ചെലവ് | 73435592 |
| നീക്കിയിരിപ്പ് | 20148363 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1946335 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 12622353/- | 12622353/- | 12059124/- | 563229/- |
| വികസനഫണ്ട് എസ്.സി.പി. | - | 9050889/- | 9050889/- | 8639533/- | 411356 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | | 36784000/- | 36784000/- | 9032884/ | 27751116 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 5325757/- | 5325757/- | 3230002/- | 2095755/- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | | 7506000/- | 7506000/- | 2919836 | 4586164/- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied | | 2594406/- | 2594406/- | 920255/- | 1674151/- |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1441733/-രൂപ, 146667/-രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഉറവിടത്തിൽ കുറവ് ചെയ്ത മുഴുവൻ തുകയ്ക്കും ജി.ഒ പ്രോജക്ടുകൾ വെക്കാത്തതിനാൽ സുലേഖ പത്രികയിലെ വരവ് ചെലവ് വിവരങ്ങൾ കൃത്യമല്ല(ഖണ്ഡിക 1-2-1 ക്രമ നം.10, 11 കാണുക). സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള ജി.ഒ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 172/22 ലൈഫ് മിഷൻ വായ്പ മുതൽ | 469333 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| തിരിച്ചടവ് (വി.ഫ. ജനറൽ ) | | |
| 171/22<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക(വി.ഫ. ജനറൽ ) | 321200 | വികസനഫണ്ട് പൊതുവിഭാഗം |
| 173/22<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക(വി.ഫ. ജനറൽ ) | 321200 | വികസനഫണ്ട് പൊതുവിഭാഗം |
| 174/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (വി.ഫ. ജനറൽ ) | 330000 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1441733/- | |
| 176/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 146667/- | വികസനഫണ്ട് (എസ്.സി.പി) |
| ആകെ | 146667/- | |

ഇവ കൂടാതെ ഖണ്ഡിക 1-2-1 ൽ പരാമർശിച്ച അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 130 | 114421334 | 92 | 55656434 | 0 | 38 | 70 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പ്രോജ.നം | പേര് |
|---|---|
| 76 | വയോജനവാടി |
| 82 | തെരുവു നായ പ്രജനന നിയന്ത്രണ പരിപാടി |
| 141 | തെരുവു വിളക്ക് അറ്റകുറ്റപ്പണി |
| 166 | ജനകീയ ഹോട്ടൽ അനുബന്ധ പ്രവർത്തനങ്ങൾ |
| 203 | അംഗണവാടികളിൽ ഹൈടെക്ക് സൗകര്യങ്ങൾ ഒരുക്കൽ |
| 206 | ലൈഫ് ഭവന പദ്ധതി -ഭൂമി വാങ്ങൽ |

പദ്ധതി നിർവ്വഹണം

സ്സിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളുമായി ആകെ 130 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 92 എണ്ണം നടപ്പാക്കിയിട്ടുണ്ട് .എല്ലാ വിഭവ സ്രോതസ്സുകളിൽ നിന്നുമായി 114421334/-രൂപ വകയിരുത്തുകയും 55656434/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് .

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളും എണ്ണവും തുകയും ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 04 | 04 | 9058260 | 4307108 | 47.54 |
| വെറ്ററിനറി സർജൻ | 05 | 05 | 2093000 | 1920194 | 91.74 |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 04 | 04 | 1472800 | 1302582 | 88.44 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 06 | 05 | 1813757 | 1569410 | 86.52 |
| വി ഇ ഒ | 17 | 16 | 52513740 | 21935649 | 41.77 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 07 | 03 | 7313633 | 4323629 | 59.11 |
| സെക്രട്ടറി | 33 | 22 | 11158921 | 6388330 | 57.24 |
| എച്ച് എം | 01 | 0 | 180000 | 0 | 0 |
| അസി .എഞ്ചിനീയർ | 44 | 27 | 25082583 | 11451917 | 45.65 |
| ഡയറി ഫാം ഇൻസ്പെക്ടർ | 02 | 02 | 1310640 | 1310640 | 100 |
| അസി .സെക്രട്ടറി | 07 | 03 | 2424000 | 1146975 | 47.31 |

വിദ്യാഭ്യാസ മേഖലയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ എച്ച് .എം ഓഡിറ്റ് വർഷം പ്രോജക്ട് നടപ്പാക്കിയിട്ടില്ല . സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുവാൻ ഉതകുന്നതും അടിസ്ഥാന സൗകര്യ വികസനത്തിനായും ഉള്ള പ്രോജക്ടുകൾ വരും വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ് . വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 741645 | 1087167 | 1828812 | 1826065 | 2747 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 34692000 | 34692000 | 34692000 | 0 |
| ആകെ | 741645 | 35779167 | 36520812 | 36518065 | 2747 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|

| | |
|---|---|
| തൊഴിൽരഹിത വേതനം | 64200 |
| കർഷകതൊഴിലാളി പെൻഷൻ | 7313000 |
| വിധവാപെൻഷൻ | 17421200 |
| വാർദ്ധക്യകാലപെൻഷൻ | 44722100 |
| വികലാംഗപെൻഷൻ | 5390900 |
| അവിവാഹിതപെൻഷൻ | 769600 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 180000 |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2023 തീയ്യതിയിൽ 3.00 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 2908/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ചുനക്കര ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു .

(I)സ.ഉ (കൈ) നം.123/2009/തസ്വഭവ തീ.02.07.2009 ലെ മാർഗ്ഗ രേഖയിൽ അനുശാസിക്കും പ്രകാരമുള്ള സംവിധാനങ്ങൾ ഫ്രണ്ട് ഓഫീസിൽ ക്രമീകരിച്ചിരുന്നെങ്കിലും നിലവിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പണം സ്വീകരിക്കുന്നത് ഒഴികെയുള്ള മറ്റ് പ്രവർത്തനങ്ങൾ ഹെൽപ്പ് ഡെസ്കിലൂടെയാണ് നടത്തുന്നത് .

(Ii)ജീവനക്കാരുടെ ജോലി വിഭജനം സംബന്ധിച്ച് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

(Iii) സാമൂഹ്യ നീതി , സ്ത്രീകളുടെ കുട്ടികളുടെയും സുരക്ഷ , അംഗണവാടികളുടെ പ്രവർത്തനം എന്നിവ ഉറപ്പാക്കുന്ന ജാഗ്രതാ സമിതി , ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ,എ എൽ എം സി എന്നിവയുടെ മീറ്റിംഗ് കൃത്യമായ കൂടി , മിനിട്ട്സ് കൃത്യമായി രേഖപ്പെടുത്തി തുടർ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട് .

(Iv)പദ്ധതി രൂപീകരണം നിർവ്വഹണം സംബന്ധിച്ച എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട് .

(V) ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ദ്രുത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട് .

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഡി സി ബി രജിസ്റ്ററുകൾ കൃത്യമായ എന്ട്രിയോടു കൂടി പരിപാലിക്കുന്നില്ല .ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും പൂർണ്ണമല്ല .

നികുതിയേതര വരുമാനം കൃത്യമായി ഈടാക്കുന്നില്ല

ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക ഇനത്തിൽ തുക ഈടാക്കുവാൻ അവശേഷിക്കുന്നു .

ലോഗ് ബുക്കിന്റെ പരിപാലനം

കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാതെയാണ് ലോഗ് ബുക്ക് പരിപാലിച്ചിരിക്കുന്നത് .

ആസ്തി സംരക്ഷണം ഉറപ്പാക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് ലൈബ്രറി തികച്ചും ശോച്യാവസ്ഥയിൽ ആണ് .

സ്ത്രീകൾക്കായി നിർമ്മിച്ച സത്രീ സൗഹൃദ വിശ്രമ മുറി ഉപയോഗപ്പെടുത്തുന്നില്ല .

ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾക്കായി 2018 ൽ പഞ്ചായത്ത് ഓഫീസിന്റെ താഴത്തെ നിലയിൽ ക്രമീകരിച്ച പ്രത്യേക ക്യാബിൻ തിരിച്ചുള്ള സൗകര്യങ്ങൾ നിലവിലും ഉപയോഗപ്പെടുത്തിയിട്ടില്ല .

സാമൂഹ്യസുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല

ഗുണഭോക്താവിന്റെ മരണ ശേഷം സാമൂഹ്യസുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല .

ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതും കാര്യ ക്ഷമവുമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ഭരണ സമിതി , നിർവ്വഹണ ഉദ്യോഗസ്ഥർ , മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ് .

## 1-10 വസ്തു നികുതി നിർണ്ണയത്തിൽ അപാകത -നികുതി ഈടാക്കിയതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധികളുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 50/- രൂപയായും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 60/- രൂപയായും 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 80/- രൂപയായും ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@60 | കുറവ് |
|---|---|---|---|---|---|---|
| ബഷീർ | VI | 378/A | 28.35 | 1417 | 1701 | 284 |
| | | 378/B | 28.35 | 1417 | 1701 | 284 |
| | | 378/D | 13 | 650 | 780 | 130 |
| | | 378/E | 24.35 | 1217 | 1461 | 244 |
| | | 378/F | 24.35 | 1217 | 1461 | 244 |
| | | ആകെ | 110.4 | | | 1116/- |
| പ്രാബല്യം 2020 രണ്ടാം അർദ്ധവർഷം മുതൽ,<br>(+വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%) | | | | | | |
| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@60 | കുറവ് |
| അനിൽകുമാർ | X | 40/A | 40.88 | 2453 | 3270 | 817 |
| | | 40/B | 40.88 | 2453 | 3270 | 817 |
| | | 40/C | 20.44 | 1226 | 1635 | 409 |
| | | 40/D | 20.44 | 1226 | 1635 | 409 |
| | | 40/E | 68.20 | 4092 | 5456 | 1364 |
| | | 40/F | 54.44 | 3266 | 4355 | 1089 |
| | | ആകെ | 245.8 | | | 4905 |

പ്രാബല്യം X/40 A – X/40 D 2017 ഒന്നാം അർദ്ധവർഷം മുതൽ, X/40 E – X/40 F 2017 രണ്ടാം അർദ്ധവർഷം മുതൽ

(+വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%)

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@60 | കുറവ് |
|---|---|---|---|---|---|---|
| പ്രകാശ് കുമാർ | II | 296/A | 93.58 | 4679 | 7486 | 2807 |
| | | 296/B | 34.08 | 1704 | 2726 | 1022 |
| | | 296/C | 40.13 | 2006 | 3210 | 1204 |
| | | 296/D | 40.13 | 2006 | 3210 | 1204 |
| | | 296/E | 40.13 | 2006 | 3210 | 1204 |
| | | 296/F | 40.13 | 2006 | 3210 | 1204 |
| | | ആകെ | 288.18 | | | 8645 |

പ്രാബല്യം 2018 ഒന്നാം അർദ്ധവർഷം മുതൽ,

(+വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%)

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@60 | കുറവ് |
|---|---|---|---|---|---|---|
| ഫെബിനാ ദീൻ | VI | 98/A | 16.5 | 825 | 990 | 165 |
| | | 98/B | 16.5 | 825 | 990 | 165 |
| | | 98/C | 16.5 | 825 | 990 | 165 |
| | | 98/D | 52 | 2600 | 3210 | 610 |
| | | 98/E | 20.5 | 1025 | 1230 | 205 |
| | | ആകെ | 122 | | | 1310 |

പ്രാബല്യം VI/98 A – VI/98 C - 2013 ഒന്നാം അർദ്ധവർഷം മുതൽ, VI/98 D – VI/98 E - 2016 ഒന്നാം അർദ്ധവർഷം മുതൽ

(+വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%)

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@60 | കുറവ് |
|---|---|---|---|---|---|---|
| സിദ്ധിക്ക് കുട്ടി | VII | 350/A | 20 | 1000 | 1200 | 200 |
| | | 350/B | 59 | 2950 | 3540 | 590 |
| | | 350/C | 27 | 1350 | 1620 | 270 |
| | | 350/D | 27 | 1350 | 1620 | 270 |
| | | ആകെ | 133 | | | 1330 |

പ്രാബല്യം VII/350 A – VII/350 B - 2014 ഒന്നാം അർദ്ധവർഷം മുതൽ, VII/350 C – VII/350 D - 2013 ഒന്നാം അർദ്ധവർഷം മുതൽ

(+വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%)

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@60 | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ശാലിനി ജയകുമാർ | VI | 86/A | 35 | 1750 | 2800 | 1050 |
| | | 86/B | 150 | 9000 | 12000 | 3000 |
| | | 86/C | 172.67 | 10360 | 13813 | 3453 |
| | | ആകെ | 357.67 | | | 7503 |
| പ്രാബല്യം VI/86 A – VI/86 B - 2016 ഒന്നാം അർദ്ധവർഷം മുതൽ, VI/86 C - 2017 രണ്ടാം അർദ്ധവർഷം മുതൽ (+വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%) | | | | | | |
| | | | | | | |
| ഷെഫീക് | VI | 367/A | 83.6 | 5016 | 6688 | 1672 |
| | | 367/B | 83.6 | 5016 | 6688 | 1672 |
| | | 367/C | 112.1 | 6726 | 8968 | 2242 |
| | | | 279.3 | 16758 | 22344 | 5586 |
| അസസ്സ്മെന്റ് വർഷം 2020 രണ്ടാം അർദ്ധവർഷം മുതൽ, (+വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%) | | | | | | |

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യകെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പരുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളെ റീ അസസ് ചെയ്യേണ്ടതും അസസ്സ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/14.2.2023, 29/15.2.2023) കുറവ് വന്ന നികുതി ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആകെ കുറവ് വന്ന അടിസ്ഥാനവസ്തുനികുതി 30395/- രൂപ മേൽ കെട്ടിടങ്ങൾക്ക് ബാധകമായ വർദ്ധനവും ചേർത്ത് ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഉൾപ്പടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 പെട്രോൾ പമ്പുകൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫ്യുവൽ സ്റ്റേഷനുകൾക്ക് ച.മീറ്ററിന് 60/- രൂപയായി ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ മുൻ വർഷങ്ങളിൽ നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഫ്യുവൽ സ്റ്റേഷനുകളുടെ (പെട്രോൾ പമ്പ്) വസ്തുനികുതി ഫ്യുവൽ സ്റ്റേഷന് ബാധകമായ ച.മീറ്ററിന് 60/- രൂപ എന്ന നിരക്കിന് പകരം 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യ കെട്ടിടത്തിന് ബാധകമായ ച.മീറ്ററിന് 50/- രൂപ എന്ന കുറഞ്ഞ നിരക്കിലാണ് നിർണ്ണയിച്ചതായി കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം/ഉപയോഗം | വിസ്തീർണ്ണം (ച.മീ.) | കെട്ടിട നമ്പർ | നിർണ്ണയിച്ച നികുതി നിരക്ക് | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | ആദിത്യ ഫ്യുവൽസ്, ചുനക്കര | 9 | I/572 | 50/ച.മീ. | 60/ച.മീ. |
| 2 | ശ്രീവിഷ്ണു ഫ്യുവൽസ്, കരിമുളയ്ക്കൽ | 20 | VIII/256 | 50/ച.മീ. | 60/ച.മീ. |
| 3 | ശ്രീദേവി ഫ്യുവൽസ്, കരിമുളയ്ക്കൽ | 12.5 | IX/375 | 50/ച.മീ. | 60/ച.മീ. |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/14.2.2023) കുറവ് വന്ന നികുതി ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ട്രേഡ്സ് ലിസ്റ്റ് പരിഷ്കരിച്ചില്ല - റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾക്ക് പകരം സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ വാണിജ്യ കെട്ടിടങ്ങളുടെ ലിസ്റ്റാണ് ട്രേഡേഴ്സ് ലിസ്റ്റിന് പകരമായി ഹാജരാക്കിയത്. ഇതിൽ ഒഴിഞ്ഞ് കിടക്കുന്ന നിരവധി വാണിജ്യ കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഏതെല്ലാം കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, ഏതെല്ലാം കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നു തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്ത് തയ്യാറാക്കിയ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ആയിരത്തിലധികം വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 299 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/15.2.23) ട്രേഡേഴ്സ് ലിസ്റ്റ് അപാകത പരിഹരിച്ച് തയ്യാറാക്കി വരുന്നതായും റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങളുടേയും വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമാക്കി സൂക്ഷിക്കേണ്ടതും റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ്) പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 വാടക സംബന്ധമായ അപാകതകൾ

കോവിഡ് കാലയളവായിരുന്നതിനാൽ സർക്കാർ ഉത്തരവ് നം.261/2021/തീയതി.6.11.2021 പ്രകാരം 07/2021 മുതൽ 10/2021 വരെയുള്ള 4 മാസ കാലയളവിലെ വാടകയിളവ് അനുവദിച്ചിട്ടുണ്ട്. വാടക സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(I)ഡി.സി.ബി കണക്കിൽ കൃത്യതയില്ല

ഓഡിറ്റ് വർഷം റൂം നമ്പർ 12 വാടകക്കാരനായ ശ്രീ. ഉദയകുമാർ, മന്ത്യത്ത് ദേവമംഗലം, പല്ലാരിമംഗലം എന്നയാളിന് വാടകയ്ക്ക് നൽകുകയും ടിയാളിൽ നിന്ന് കോവിഡ് കാലം ഒഴികെയുള്ള (07/2021 മുതൽ 10/2021 വരെ) കാലയളവിലെ വാടകയിനത്തിൽ പ്രതിമാസം 3045/- നിരക്കിൽ 8 മാസത്തെ വാടകയായ 24360/- രൂപ ഈടാക്കിയിട്ടുമുണ്ട്. എന്നാൽ ടി തുക ഡി.സി.ബി കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ രജിസ്റ്ററിലെ ഡി.സി.ബി കണക്കും വാർഷിക ധനകാര്യ പത്രികയിലെ കണക്കും തമ്മിൽ പൊരുത്തമില്ല.

(Ii)വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നില്ല.
വാടക സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 42485/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ടി കുടിശ്ശിക ആരിൽ നിന്നെല്ലാമാണ് ഈടാക്കാനുള്ളതെന്നും നാളിതുവരെ കുടിശ്ശിക പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ചും രേഖകളില്ല. വാടക ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചോയെന്നും വ്യക്തമല്ല

(Iii)തൻ വർഷവാടക പൂർണ്ണമായി പിരിച്ചെടുത്തില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ റൂം നം. 567-E എന്ന കടമുറി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരം ശ്രീ.പി.മധു, മറ്റത്ത് വടക്കേതിൽ ചുനക്കര നടുവിൽ എന്ന വ്യക്തിയ്ക്ക് വാടകയ്ക്ക് നൽകിയരുന്നു. എന്നാൽ ഓഡിറ്റ് വർഷം ടിയാളിൽ നിന്നും ലഭിക്കേണ്ട വാർഷിക വാടകത്തുകയായ 6232/- രൂപയിൽ ഒന്നും തന്നെ തൻവർഷം ഈടാക്കിയില്ല

(Iv))ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും ഈടാക്കിയ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് എത്രയെന്ന് സൂചിപ്പിക്കുന്ന വാടകകരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് തുക എത്രയെന്നോ, കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും വാടകകുടിശ്ശികയിലേക്ക് ഡെപ്പോസിറ്റ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ചും യാതൊരു വിവരവും

ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. .

(V)കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ യഥാസമയം കരാർ ചമയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. 2021-22സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ 17 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടകക്കാരുമായി മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല. കൂടാതെ ഓഡിറ്റ് വർഷം 2 കടമുറികൾ (റൂം നം.9, 10) വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുകയും ചെയ്യുന്നു. ഇവ യഥാസമയം ലേലത്തിൽ ഉൾപ്പെടുത്തി വാടകയ്ക്ക് നൽകിയിട്ടുമില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/16.2.2023) അപാകത പരിഹരിക്കുമെന്ന് അറിയിച്ചു. അപാകത പൂർണ്ണമായി പരിഹരിക്കേണ്ടതും കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 ടെൻഡർ ഫീസിനത്തിൽ 2.09 ലക്ഷം രൂപ പഞ്ചായത്തിന് ലഭ്യമാകാനുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു.അസിസ്റ്റന്റ് എൻജിനീയർ ഹാജരാക്കിയ കണക്കുകൾ പ്രകാരം 2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി 2,09,257 രൂപ ടെൻഡർ ഫീസിനത്തിൽ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.തനത് ഫണ്ടിലേക്ക് ലഭ്യമാകേണ്ട തുക നാളിതുവരെ പഞ്ചായത്തിന് കൈമാറിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | ടെൻഡർ ഫീസിനത്തിൽ ഒടുക്കിയ തുക |
|---|---|---|
| 2015-16 | 05 | 33615 |
| 2016-17 | 06 | 13000 |
| 2017-18 | 38 | 56450 |
| 2018-19 | 24 | 46068 |
| 2019-20 | 06 | 5712 |
| 2020-21 | 02 | 10002 |
| 2021-22 | 17 | 44410 |
| ആകെ | 98 | 209257 |

ടെൻഡർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിയമ പ്രകാരമുള്ള സമയപരിധിയ്ക്കകം മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ കണക്കാക്കി ആയത് സഹിതം തിരികെ ഈടാക്കണമെന്ന് 4/10/11-ലെ ജി.ഒ(പി)419/11/ഫിൻ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം ഫെസ്റ്റിവൽ അഡ്വാൻസായി അനുവദിച്ച 9000/- രൂപ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു. ടി വിഷയത്തിന് അഡ്വാൻസ് തുക ക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചു. തുക ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 പത്രപ്പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല-അധികമായി തുക ചെലവഴിക്കേണ്ടതായി വരുന്നു

2021-22 സാമ്പത്തിക വർഷം ചുനക്കര ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ

നടത്തുന്നതിന്റെ പരസ്യം വിവിധ പത്ര മാധ്യമങ്ങളിൽ ചെയ്യതിന് തനതു ഫണ്ടിൽ നിന്നും ചെക്ക് നം35203 തീ. 31.03.2022 പ്രകാരം തുക അനുവദിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | പരസ്യത്തിന്റെ ആകെ വലിപ്പം | അനുവദീനീയമായ വലിപ്പം | ആകെ SGST& CGST @2.5 | ഡിസ്കൗണ്ട് (15%) |
|---|---|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | | | |
| 19.02.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തിനായി നൽകിയ പരസ്യം | 4 | 8 | 180 | 32 | 24 | 6760 (Sgst-122 Cgst-122.4) | 864 |
| 16.12.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തിനായി നൽകിയ പരസ്യം | 8 | 5 | 180 | 40 | 24 | 7200 (Sgst-153 Cgst-153.1) | 1080 |
| 07.02.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തിനായി നൽകിയ പരസ്യം | 4.5 | 8 | 180 | 36 | 24 | 6480 (Sgst-107.1 Cgst-107.1) | 972 |
| 15.12.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തിനായി നൽകിയ പരസ്യം | 6 | 8 | 180 | 40 | 24 | 8640 (Sgst-178.50 Cgst-178.50.) | 1206 |
| 18.11.22 | മാതൃഭൂമി | പദ്ധതി നിർവ്വഹണത്തിനായി നൽകിയ പരസ്യം | 6 | 8 | 180 | 48 | 24 | 8640 (Sgst-183.6 Cgst-183.6) | 1296 |
| 08.10.21 | മാതൃഭൂമി | പദ്ധതി നിർവ്വഹണത്തിനായി നൽകിയ പരസ്യം | 7 | 8 | 275 | 56 | 24 | 13090 (Sgst-327.25 Cgst-327.25) | --- |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ നടപടികളിൽ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.34/16.02.2023 നൽകിയതിന് മറുപടിയായി തുടർന്നുള്ള ബില്ലുകളിൽ അധികമായി ചെലവഴിച്ച തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാതകതൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതിന് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയെങ്കിലും വാട്ടർ ചാർജ്ജ് പുനർനിർണ്ണയിച്ചില്ല

സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ 167 ടാപ്പുകളുടെ ചാർജ്ജായ (@5512/-per Year) 76723/-രൂപ ഓരോ മാസവും വാട്ടർ അതോരിറ്റിയിൽ അടവാക്കുന്നുണ്ട്. ഈ ടാപ്പുകളെല്ലാം പ്രവർത്തിക്കുന്നവയല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/16.2.2023) പ്രവർത്തനക്ഷമമായ സ്ട്രീറ്റ് ടാപ്പ് സംബന്ധിച്ച് പഞ്ചായത്തും കേരള വാട്ടർ അതോരിറ്റിയുമായി ചേർന്ന് 24.07.2021, 29.07.2021 തീയതികളിൽ സംയുക്ത പരിശോധന നടത്തിയെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. ജല ജീവൻ മിഷൻ വഴിയും നിരവധി പുതിയ വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത സ്ട്രീറ്റ് ടാപ്പുകൾ ഒഴിവാക്കി വാട്ടർ ചാർജ്ജ് പുനർനിർണ്ണയിക്കാനാവശ്യമായ നടപടി സ്വീകരിച്ചില്ല. സംയുക്ത പരിശോധനയ്ക്ക് മുമ്പുള്ള 167 ടാപ്പുകളുടെ അതേ തുക തന്നെയാണ് നിലവിലും വാട്ടർ ചാർജ്ജായി ഒടുക്കി വരുന്നത്. പ്രവർത്തനക്ഷമമായ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണത്തിനനുസൃതമായി വാട്ടർ ചാർജ്ജ് പുനർനിർണ്ണയിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണ ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ ചുനക്കര ഗ്രാമ പഞ്ചായത്തിലെ 2021-22 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1. | ശാരദാമ്മ, അരീക്കരേത്ത് | വാർദ്ധക്യ പെൻഷൻ | 104900202671 | 14.11.20 | 16.01.21 | 12/20 മുതൽ 11/22 വരെ | 38000 |
| 2 | ചെല്ലപ്പൻ നായർ | വാർദ്ധക്യ പെൻഷൻ | 104900202243 | 25.1.21 | 16.2.21 | 02/21 മുതൽ6/22 വരെ | 10200 |
| 3. | മറിയാമ്മ തോമസ് | വാർദ്ധക്യ പെൻഷൻ | 104900202560 | 14.2.21 | 2.3.21 | 03/21 മുതൽ12/21വരെ | 6000 |
| 4. | ഹനീഫ്.റ്റി | വാർദ്ധക്യ പെൻഷൻ | 104900202796 | 14.2.21 | 16.3.21 | 03/21 മുതൽ11/22 വരെ | 33500 |
| 5. | രാമചന്ദ്രൻ പിള്ള | വാർദ്ധക്യ പെൻഷൻ | 104900202265 | 15.2.21 | 16.3.21 | 03/21 മുതൽ11/22 വരെ | 12600 |
| 6. | റ്റി.ഒ.ബേബി | കർഷക തൊഴിലാളി പെൻഷൻ | 104900100654 | 17.2.21 | 16.3.21 | 03/21 മുതൽ6/22 വരെ | 25500 |
| ആകെ | | | | | | | 125800/- |

മേൽപ്പറഞ്ഞ ക്രമ നം.1, 3, 4, 5, 6 എന്നീ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് കാണുന്നത്. (ക്രമ നം. 3, 5 എന്നീ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി പെൻഷൻ ഇതോടൊപ്പം ലഭിക്കുന്നതിനാൽ ടി ഗുണഭോക്താക്കളുടെ പ്രതിമാസ സാമൂഹ്യ സുരക്ഷ പെൻഷൻ 600/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.)

മരണം രജിസ്റ്റർ ചെയ്തതിന് ശേഷവും മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് അനർഹമായി പെൻഷൻ L കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/10.2.2023) അനർഹരായവരെ ക്ഷേമ പെൻഷൻ ലഭിക്കുന്നതിൽ നിന്നും നീക്കം ചെയ്ത് തുക തിരികെ ഈടാക്കുമെന്നറിയിച്ചു. അനർഹരായവരെ ക്ഷേമ പെൻഷൻ ലഭിക്കുന്നതിൽ നിന്നും പൂർണ്ണമായി നീക്കം ചെയ്ത് അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-19 വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയില്ല - ഇന്ധന ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് ജി.ഒ(പി) നം.803/70/ഫിൻ തീയതി.13.11.1970 ലെ ചട്ടങ്ങൾ പൂർണ്ണമായി പരിപാലിക്കുന്നില്ല. ടി ചട്ടങ്ങൾ (കെ.എഫ്.സി വാല്യം II ചട്ടം 48 എ) പ്രകാരം എല്ലാ മാസാന്ത്യവും തുടക്കത്തിലെ കിലോമീറ്റർ റീഡിംഗ്, അവസാന റീഡിംഗ്, ആ മാസം ആകെ ഓടിയ ദൂരം, ഇന്ധനം വാങ്ങൽ, ഇന്ധന ഉപഭോഗം, ഇന്ധന ബാലൻസ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 31 E 9141 ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്കിൽ ടി വിശദാംശങ്ങളും സംക്ഷിപ്തവും രേഖപ്പെടുത്തുന്നില്ല.
ഓഡിറ്റ് വർഷം വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിച്ചിട്ടില്ല. കൂടാതെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു റിപ്പയർ രജിസ്റ്റർ, സ്പെയർ പാർട്സ് സ്റ്റോക്ക് രജിസ്റ്റർ, ഇന്ധന ഓർഡർ ബുക്ക്, ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതായി കാണുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/14.02.2023) മറുപടി ലഭ്യമാക്കിയില്ല.
വാഹന പരിപാലനം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ രേഖകൾ പരിപാലിക്കേണ്ടതും ഇന്ധന ഉപഭോഗ വിവരങ്ങൾ മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-20 കുടിവെള്ള വിതരണം - കരാറുകാർക്ക് കുടിശ്ശിക നിലനിൽക്കുന്നു

പ്രോജ. നം. 169/22

അടങ്കൽ - 570000/-(തനത് ഫണ്ട്)

ചെലവ് - 565422/-(തനത് ഫണ്ട്)

വൗച്ചർ നം.22100126/29.10.2021

സെക്രട്ടറി നിർവഹണം നടത്തിയ കുടിവെള്ള വിതരണ പ്രോജക്ടിൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-22 കാലയളവിൽ തനത് ഫണ്ടിൽ നിന്നും 565422/- രൂപ ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.സുജിത്തിന്റേയും (5000 ലിറ്റർ കപ്പാസിറ്റിയുള്ള മിനി ടാങ്കർ ലോറി കിലോമീറ്ററിന് 45/- രൂപ) ശ്രീ.ജയപ്രകാശിന്റേയും (10000/- ലിറ്റർ കപ്പാസിറ്റിയുള്ള മിനി ടാങ്കർ ലോറി കിലോമീറ്ററിന് 65/- രൂപ)ക്വട്ടേഷൻ അംഗീകരിക്കുകയും ക്വട്ടേഷൻ ലഭിച്ച 2 ടാങ്കറുകളും കരാർ പ്രകാരമുള്ള കാലയളവിൽ കുടിവെള്ള വിതരണം നടത്തുകയുമുണ്ടായി. ഇക്കാലയളവിൽ കരാറുകാരനായ ശ്രീ.ജയപ്രകാശിന് വണ്ടി വാടകയായി 559767/- രൂപ (വൗച്ചർ നം.22100126/29.10.2021) നൽകിയിട്ടുണ്ട്. കരാറുകാരനായ ശ്രീ.സുജിത്തിന് തുകയൊന്നും നൽകിയിട്ടില്ല.
അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/14.2.2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനായ ശ്രീ.സുജിത്തിന് തുകയൊന്നും നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല . രേഖകൾ പരിശോധിച്ച് അർഹമായ വണ്ടി വാടക കരാറുകാർക്ക് നൽകേണ്ടതാണ്.

## 1-21 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - കരാറിൽ ഏർപ്പെടാത്ത ആളിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറി

പ്രോജ. നം. 31/22, തെരുവ് വിളക്ക് അറ്റകുറ്റപ്പണി,

നിർവഹണം - സെക്രട്ടറി

അടങ്കൽ - 500000/-

ചെലവ് - 481800/-(തനത് ഫണ്ട്)

വൗച്ചർ നം.22100574/26.3.2022

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനായി ദിവസവേതന അടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിക്കാനായി ഇന്റർവ്യൂ നടത്തിയിരുന്നു. ഇന്റർവ്യൂയിൽ 9 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും കൂടുതൽ മാർക്ക് ലഭിച്ച ശ്രീ. ബിജുകുമാർ, ബിജു ഭവനം എന്നയാളിനെ നിയമിക്കുകയുമുണ്ടായി. അറ്റകുറ്റപ്പണി നടത്തിയ വകയിൽ ശ്രീ. ബിജുകുമാറിന് വേതനം കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്റർവ്യൂയിൽ പങ്കെടുക്കാത്ത ശ്രീ.ശ്യാംകുമാർ എന്ന ആളിന്റെ അക്കൗണ്ടിലേക്ക് 50589/- രൂപ തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തിയ വകയിൽ കൈമാറിയിട്ടുണ്ട്. പഞ്ചായത്തുമായി നേരിട്ട് കരാറിൽ ഏർപ്പെടാത്ത മറ്റൊരാളിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/14.2.2023) ശ്രീ. ബിജുകുമാറിന്റെ സഹായിയായി അറ്റകുറ്റപ്പണി നടത്തിയ ആളായതിനാലാണ് തുക കൈമാറിയതെന്ന് മറുപടി ലഭിച്ചു. ശ്രീ. ബിജുകുമാർ ടിയാളെ സഹായിയായി നിയമിച്ചതായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരുടെ അക്കൗണ്ടിലേക്ക് തുക കൈമാറാൻ ശ്രദ്ധിക്കേണ്ടതും അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ തുക മുൻകൂറായി നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജ. നം., പേര് | ചെലവ് തുക, ഫണ്ടിനം | ബിൽ/വൗച്ചർ നം. |
|---|---|---|---|
| 1. | 23/2022, ഐ.കെ.എം വിഹിതം നൽകൽ | 69718/- വി.ഫ(ജനറൽ) | 15/06.08.2021 |
| 2. | 22/2022, എസ്.എസ്.എ വിഹിതം നൽകൽ | 300000/- വി.ഫ(ജനറൽ) | 18/11.08.2021 |
| 3. | 110/22, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 437792/- സി.എഫ്.സി | XVFC/2021-22 /P/2/26.09.2021 |
| | ആകെ | 807510/- | |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.22/14.2.2023) മറുപടിയോടൊപ്പം വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക (807510/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 പ്രവർത്തന ക്ഷമത ഉറപ്പാക്കാതെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു, പ്രവർത്തനം നിലച്ചതിനാൽ പ്രോജക്ട് ലക്ഷ്യം കണ്ടില്ല

പ്രോജ.164/22, ബയോഗ്യാസ് പ്ലാന്റ് വാങ്ങി സ്ഥാപിക്കൽ
നിർവഹണം – സെക്രട്ടറി

അടങ്കൽ - 323000/-

ചെലവ് - 267325/- (CFC)

ബിൽ/വൗച്ചർ നം.XVFC/2021-22/P/21/31.3.2022, XVFC/2021-22/P/8/26.1.2022

മാലിന്യ സംസ്കരണം ഉറപ്പ് വരുത്തുന്നതിനും ജനകീയ അടുക്കളയ്ക്ക് ആവശ്യമായ 50 കി.ഗ്രാം ശേഷിയുള്ള ഫ്ളോട്ടിംഗ് ഡോം രീതിയിലുള്ള ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ഇന്ധനം ഉത്പാദിപ്പിക്കുന്നതിനുമായി പഞ്ചായത്ത് പരിസരത്ത് സ്ഥാപിച്ച ബയോ ഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലാതെ കാട് കയറി നശിക്കുന്നു. വേസ്റ്റ് ഔട്ട് ലെറ്റ് പൊട്ടിപ്പൊളിഞ്ഞ് പ്രവർത്തന ക്ഷമമല്ലാതായതായി ഓഡിറ്റ് വേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. കൂടാതെ പ്ലാന്റ് സ്ഥാപിച്ച വേളയിൽ തന്നെ ഔട്ട് ലെറ്റ് പൊട്ടിപ്പൊളിഞ്ഞ് ഗ്യാസ് ലീക്കായിരുന്നതായും പ്രാദേശിക

അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുണ്ട്. നിർവഹണ ഏജൻസിയായ ഐ.ആർ.റ്റി.സി യ്ക്ക് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനായി തുക നൽകിയെങ്കിലും നിർവഹണ ഏജൻസിയിൽ നിന്നും ലഭിക്കേണ്ട പ്ലാന്റിന് ആവശ്യമായ ഗ്യാരന്റി, അറ്റകുറ്റപ്പണി തുടങ്ങിയ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയുണ്ടായില്ല. കരാർ വ്യവസ്ഥ നം.7 പ്രകാരം തുക കൈപ്പറ്റി 3 മാസത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ഗ്യാരന്റി, അറ്റകുറ്റപ്പണി ഉൾപ്പെടെയുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തി പ്ലാന്റിന്റെ തുടർ പ്രവർത്തനം ഉറപ്പ് വരുത്താതെ തുക പൂർണ്ണമായും കൈമാറി. നിലവിൽ പ്ലാന്റ് പ്രവർത്തനം നിലച്ച് കാട് കയറി നശിച്ച അവസ്ഥയിലാണ്.





അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/14.2.2023) ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ആവശ്യമായ അറ്റകുറ്റപ്പണി നടത്തി പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 267325/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മിനി എം.സി.എഫ് - ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല

പ്രോജ. നം. 170/22

അടങ്കൽ - 1547000/-

ചെലവ് - 773500/-(CFC-464100, ശുചിത്വ മിഷൻ - 309400)

ബിൽ നം.XVFC/2021-22/P/7/26.01.2022

സെക്രട്ടറി നിർവഹണം നടത്തിയ മിനി എം.സി.എഫ് സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ ഐ.ആർ.റ്റി.സി യ്ക്ക് 773500/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് സംബന്ധിച്ച ഫയലും രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം വാർഡുകളിൽ എത്രയെണ്ണം സ്ഥാപിച്ചുവെന്നും രേഖകളില്ല. അഡ്വാൻസ് കൈപ്പറ്റിയ രേഖകൾ, പ്രോജക്ട് എസ്റ്റിമേറ്റ്, കരാർ, പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രങ്ങൾ, ശുചിത്വ മിഷൻ ഫണ്ടിൽ നിന്നുള്ള ചെലവ് രേഖകൾ, ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചു തുടങ്ങിയ വിവരങ്ങൾ ഫയലിനോടൊപ്പം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/14.2.2023) മറുപടി ഹാജരാക്കിയെങ്കിലും ഏതെല്ലാം വാർഡുകളിലാണ് മിനി എം സി എഫ് സ്ഥാപിച്ചതെന്നതിന്റെ വിശദാംശം ലഭ്യമാക്കിയില്ല . ചെലവ് രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 773500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പ്രോജക്ട് ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെടാതെ ചെലവഴിച്ചു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രോജക്ടുകൾ പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

(I)പ്രോജ. നം. 107/22, തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ

ചെലവ് - 684081/-(സി.എഫ്.സി)

ബിൽ നം.XVFC/2021-22/P/1/16.08.2021

തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ ഉപകരണങ്ങൾ വാങ്ങാനായി യുണൈറ്റഡ് ഇലക്ട്രിക്കൽസിന് സി.എഫ്.സി ഫണ്ടിൽ നിന്നും 684081/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

(Ii) പ്രോജ. നം. 110/22, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

ചെലവ് - 437792/-(സി.എഫ്.സി)

ബിൽ നം.XVFC/2021-22/P/2/26.09.2021

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി സി.എഫ്.സി ഫണ്ടിൽ നിന്നും 437792/- രൂപ കെ.എസ്.ഇ.ബി യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ടി പ്രോജക്ടുകൾ ഉൾപ്പെടാത്തതിനാൽ സുലേഖ പത്രികയിലെ വരവ് ചെലവ് കണക്കുകളിൽ കൃത്യതയില്ല.

സി.എഫ്.സി ഫണ്ട് കൂടാതെ മറ്റ് പ്രോജക്ടുകൾക്ക് ഇപ്രകാരം തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/14.2.2023) സുലേഖ സോഫ്റ്റ് വെയർ തകരാർ മൂലമാണ് സേവ് ആകാതിരുന്നതെന്ന് മറുപടി ലഭിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ലൈബ്രറി - പ്രവർത്തനം തികച്ചും ശോച്യാവസ്ഥയിൽ

ചുനക്കര ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പഞ്ചായത്ത് ലൈബ്രറി പഞ്ചായത്ത് ഓഫീസിന് അനുബന്ധമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു . 2021-22വാർഷിക ധനകാര്യ പത്രിക പ്രകാരം 1000/- രൂപ മാത്രമാണ് ലൈബ്രറി വരവ്. വരവിലെ കുറവിന്റെ കാരണം അറിയുവാൻ 14.02.2023 ൽ ലൈബ്രറിയിൽ നേരിട്ട് പരിശോധന നടത്തിയതിൽ ലൈബ്രറിയുടെ പ്രവർത്തനം തീർത്തും ശോച്യാവസ്ഥയിൽ ആണെന്ന് വ്യക്തമായി .





1. ലൈബ്രറിയുടെ അംഗത്വ രജിസ്റ്റർ പ്രകാരം 284 അംഗങ്ങൾ ലൈബ്രറിക്കുണ്ട് . എന്നാൽ ഇവരാരും തന്നെ കൃത്യമായി വരിസംഖ്യ അടയ്ക്കുന്നില്ല . തുക ഈടാക്കാൻ ഏതെങ്കിലും നടപടി സ്വീകരിച്ചതായും കാണുന്നില്ല .

2 . സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ 8514 പുസ്തകങ്ങൾ ഉണ്ട് . എന്നാൽ അതിന്റെ പകുതി പുസ്തകങ്ങൾ പോലും ലൈബ്രറിയിൽ ഇല്ല .പുസ്തകങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചതായി കാണുന്നില്ല .

3 . ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ് .ആവശ്യമായ ബുക്ക് ഷെൽഫ് , റീഡിംഗ് ടേബിൽ ,കസേരകൾ ഒന്നും തന്നെയില്ല .

4 . ലൈബ്രറിയിൽ ഉള്ള പുസ്തകങ്ങൾ തന്നെ പൊടി പിടിച്ചും പൊടിഞ്ഞും കാണപ്പെട്ടു .

5 . നല്ല പുസ്തകങ്ങൾ കൃത്യമായി അടുക്കി സൂക്ഷിച്ചിട്ടില്ല .

6 . ലൈബ്രറിയുടെ റീഡിംഗ് റൂം ഉച്ച സമയം വരെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ .

7 .2021-22 കാലയളവിൽ ലൈബ്രറിയുടെ അടിസ്ഥാന സൗകര്യ വികസനം , പുസ്തകം വാങ്ങൽ എന്നിവയ്ക്കായി പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല .

ലൈബ്രറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.16/21-22/13.02.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈബ്രറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുസ്തകങ്ങൾ വാങ്ങുന്നതിനും പദ്ധതികൾ നടപ്പാക്കിയിട്ടില്ല എന്ന് അറിയിച്ചു .

ലൈബ്രറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുസ്തകങ്ങൾ വാങ്ങുന്നതിനും നിലവിൽ ഉള്ള പുസ്തകങ്ങൾ സംരക്ഷിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുവാൻ ഒരു സമിതിയെ ചുമതലപ്പെടുത്താവുന്നതാണ് . വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

1-27 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -കൂടിയ ടെൻഡർ അംഗീകരിച്ചു

പ്രോജ.നം / പേര് -35/22 /വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ - 261000

ചെലവ് - 258000

ബിൽ നം. 11/11.2.22- 146200/-

14/14.3.22-111800/-

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിക്ക് നിശ്ചിത സ്പെസിഫിക്കേഷനുള്ള 60 കട്ടിൽ ലഭ്യമാക്കുന്നതിന് ടെൻഡർ ക്ഷണച്ചതിൽ 3 ഏജൻസികൾ പങ്കെടുത്തു .അവർ നിയമാനുസൃത നികുതി ഉൾപ്പടെ ക്വാട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു .

| സ്ഥാപനം | ക്വാട്ട് ചെയ്ത തുക |
|---|---|
| സിഡ്കോ ,മാവേലിക്കര | 4275 |
| ആർട്ക്കോ ,ചെങ്ങന്നൂർ | 4300 |
| സിഡ്കോ ,പരുമല | 4330 |

18.12.2021 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരവും 24.12.2021 ലെ 1(3 )പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരവും 4275/- രൂപ ക്വാട്ട് ചെയ്ത സിഡ്കോ ,മാവേലിക്കരയ്ക്ക് കരാർ നല്കാതെ 4300/ - രൂപ ക്വാട്ട് ചെയ്ത ആർട്ക്കോ ,ചെങ്ങന്നൂർ എന്ന സ്ഥാപനത്തിനാണ് കട്ടിൽ വിതരണത്തിനുള്ള സപ്ലൈ ഓർഡർ നല്കിയതു വഴി 1500/- രൂപ (25*60) അധികമായി നല്കാൻ ഇടയായി .

കുറഞ്ഞ തുക ക്വാട്ട് ചെയ്ത സിഡ്കോ ,മാവേലിക്കര -ക്ക് സപ്ലൈ ഓർഡർ നല്കാതിരുന്നതിനുള്ള കാരണം അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.3/21-22/08.02.23 ന് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് ആർട്ക്കോ ,ചെങ്ങന്നൂർ എന്ന സ്ഥാപനത്തിന് കരാർ നല്കിയതെന്ന് മറുപടി നല്കി .

സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ അനുസരിച്ചു മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-28 വനിതാ ഘടക പദ്ധതിയിലുൾപ്പെട്ട പദ്ധതികൾ നടപ്പാക്കിയില്ല

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കാൻ രൂപീകരിച്ച പ്രോജക്ട് നം. 193- വനിതകൾക്ക് ഫുഡ് പ്രോഡക്ട് നിർമ്മാണം (കുടുംബശ്രീ മുഖേന) , പ്രോജക്ട് നം. 197- വനിതകൾക്ക് ഓട്ടോറിക്ഷാ വാങ്ങൽ (പട്ടിക ജാതി) എന്നീ രണ്ടു പദ്ധതികളും ആവശ്യമായ അടങ്കലിൽ രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 2021-22ൽ നടപ്പാക്കിയില്ല .

വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതും സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ ഉതകുന്നതുമായ പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 10 /21-22 /10.02.2023 ന് ചുവടെ ചേർക്കും പ്രകാരം മറുപടി നല്കി,

പ്രോജക്ട് 193/22 വനിതകൾക്ക് ഫുഡ് പ്രോഡക്ട് നിർമ്മാണം (കുടുംബശ്രീ മുഖേന) എന്ന പദ്ധതിയ്ക്ക് 24/12/2021 ലെ 1(2) നമ്പർ തീരുമാനപ്രകാരം 5 ഗുണഭോക്താളെ നിശ്ചയിച്ച് നൽകിയിരുന്നെങ്കിലും ടി പദ്ധതി നിർദ്ദേശ പ്രകാരമുള്ള യൂണിറ്റ് പ്രവർത്തനം ചെയ്യുന്നതിനു ആരും തയ്യാറാകാത്ത സാഹചര്യത്തിൽ 28/02/2022 ലെ 2(9) നമ്പർ തീരുമാന പ്രകാരം അടുത്ത 5 പേർ അടങ്ങുന്ന ഗുണഭോക്തൃ പട്ടിക നൽകിയെങ്കിലും ടി ലിസ്റ്റിലുള്ള ആരും എഗ്രിമെൻറ് വെയ്ക്കുന്നതിനോ , പ്രോജക്ട് സമർപ്പിക്കുന്നതിനോ തയ്യാറായില്ല . ആയതിനാലാണ് ടി പദ്ധതി നടപ്പാക്കാൻ സാധിക്കാഞ്ഞത് .

പ്രോജക്ട് 197 /22 വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങൽ (പട്ടികജാതി) എന്ന പദ്ധതി 04.03.2022 ലാണ് അംഗീകാരം ലഭിച്ചത് . എന്നാൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരും ടി പദ്ധതി നിർദ്ദേശ പ്രകാരം ഓട്ടോ വാങ്ങുന്നതിന് തയ്യാറായവരുമായ എസ്.സി വനിതകൾ ഗുണഭോക്താക്കളായി ചുരുങ്ങിയ കാലയളവിൽ ലഭിക്കാത്തതിനാലാണ് ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ പോയത് .

ഗുണഭോക്താക്കളുടെ അർഹത ,താല്പര്യം എന്നിവ കണക്കാക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയതെന്ന് മേൽ മറുപടിയിൽ നിന്നും വ്യക്തമാണ് . വനിതാ ഘടക പദ്ധതിയിൽ പദ്ധതികൾ നടപ്പാക്കാത്തത് വനിതകൾക്ക് അർഹമായ ആനുകൂല്യങ്ങളുടെ നിഷേധമാണെന്നതിനാൽ

കൃത്യമായ മാനദണ്ഡം പാലിച്ച് പദ്ധതി ആസൂത്രണ നിർവ്വഹണം നടത്തേണ്ടതാണ് .

## 1-29 കോവിഡ് പ്രതിരോധപ്രവർത്തനത്തിന്റെ ചെലവുരേഖകൾ ഹാജരാക്കിയില്ല-23000 രൂപ തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തന പദ്ധതിയുടെ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| പദ്ധതിയുടെ നമ്പർ/പേര് | ബിൽ നമ്പർ, തീയതി | തുക | തുക ലഭിച്ച ആളിന്റെ പേര് | അക്കൌണ്ട് നമ്പർ |
|---|---|---|---|---|
| 106/ കോവിഡ് പ്രതിരോധ പ്രവർത്തനം | 24/30.03.2022 | 23000 | Sasithara M.S | 20262447484, S.B.T |

കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പിൻവലിച്ച തുകയുടെ ട്രഷറി ബില്ല് കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ ചെലവ് രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-20/2021-22/14.02.2023 പ്രകാരം ചെലവുരേഖകൾ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല .

രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 23000രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 ഐ.സി.ഡി.എസ് ഓഫീസിന് അടിസ്ഥാന സൗകര്യങ്ങളില്ല

സാമൂഹ്യനീതി വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ന് നിരവധി പ്രവൃത്തികളാണ് നിർവ്വഹിക്കാനുള്ളത്. അങ്കണവാടികളുടെ പരിപാലനം, ഭക്ഷണ വിതരണം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം നൽകൽ, ഉപകരണങ്ങൾ വാങ്ങൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനതല കലാ കായിക മത്സരങ്ങൾ നടത്തൽ ഇത്തരത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തേണ്ട ചുമതലയുള്ള നിർവ്വാഹക കൂടിയാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ .
ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, വെബ്ബ് ക്യാമറ , ഇന്റർനെറ്റ് കണക്ഷൻ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ ഒഴിവാക്കാനാവാത്തതാണ്. ഇതിന്റെ അഭാവത്തിൽ ഓഫീസ് , പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയില്ല.
കൈമാറിയകിട്ടിയ സ്ഥാപനമെന്ന നിലയിൽ ഐ.സി.ഡി.എസ് ഓഫീസ് സജ്ജമാക്കുന്നതിനുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണെങ്കിലും പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന ഐ.സി.ഡി.എസ് ഓഫീസിന് അത്തരത്തിലുള്ള സൗകര്യങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല . അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് അപര്യാപ്തത അടിയന്തിരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 വയോജനവാടിയ്ക്ക് ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | Soo 130/22 | |
| ഫണ്ടിനം | ബ്ലോക്ക് വിഹിതം | 200000 |
| | തനത് ഫണ്ട് | 75000 |
| ചെലവ് | ചെക്ക് നമ്പർ-6077068(തനത് ഫണ്ട്) | 75000 |

വയോജനവാടിയ്ക്ക് ഗ്രിൽ സ്ഥാപിക്കുക, ഇന്റർലോക്ക് ടൈൽ വിരിയ്ക്കുക , വാഷ് ബേസിൻ സ്ഥാപിക്കുക എന്നിവ പ്രോജക്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി വാങ്ങിയിരുന്നു.സ്പിൽ ഓവർ പദ്ധതിയായിരുന്ന ഇതിന് ശതമാന നിരക്കിൽ ടെൻഡർ ക്ഷണിക്കുകയും പങ്കജാക്ഷൻ, മണക്കാട്ടുശ്ശേരിൽ, ചുനക്കര എന്ന കരാറുകാരന് ആറുമാസത്തെ പ്രവർത്തനക്കാലാവധിയ്ക്ക് കരാർ നൽകുകയും ചെയ്തു.
എസ്റ്റിമേറ്റ് നിരക്കിൽ തന്നെ പ്രവൃത്തി പൂർത്തിക്കാമെന്ന വ്യവസ്ഥയിൽ ടിയാൾ നിശ്ചിത കാലാവധിയ്ക്കുള്ളിൽ ഭാഗികമായി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇന്റർലോക്ക് വിരിക്കൽ, വാഷ് ബേസിൻ എന്നീ പ്രവൃത്തികൾ ചെയ്യുകയുണ്ടായില്ല.എം ബുക്ക് പ്രകാരം 84512/- രൂപയുടെ പണി പൂർത്തീകരിച്ചതിന് പാർട്ട് ബില്ലായി 31.03.2022 ൽ ചെക്ക് നമ്പർ 6077068 പ്രകാരം ജി.എസ്.ടി ഒഴികെ 75000/-രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.
ബ്ലോക്ക് വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുണ്ടായില്ലായെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിക്കുകയുണ്ടായി.അവശേഷിക്കുന്ന വർക്കുകൾ ചെയ്യുന്നതിന് പദ്ധതി സ്പിൽ ഓവറാക്കുകയോ പ്രവൃത്തി നാളിതുവരെ നടത്തുകയോ ചെയ്തിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കേണ്ട ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി നടപ്പിലാക്കാത്ത സാഹചര്യത്തിൽ കരാറുകാരന് അനുവദിച്ച 75000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-32 കരിമുളയ്ക്കൽ ചിൽഡ്രൻസ് ഹോം റോഡ് പുനരുദ്ധാരണം-പദ്ധതി പൂർത്തീകരണം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 178/2022 |

| | |
|---|---|
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | യശോധരൻ |
| അടങ്കൽ | 600000 |
| ചെലവ് | 485497(ബിൽ നമ്പർ-21/01.04.22) |

ആറ് ലക്ഷം അടങ്കലുള്ള പ്രസ്തുത പ്രവൃത്തി ഐറ്റം റേറ്റ് പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. യശോധരൻ എന്ന കരാറുകാരന് 524422.57/- രൂപയ്ക്ക് 15/AE/LSGD(GP)/21-22. 10.02.22) എഗ്രിമെന്റ് പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകി. 10/02/2022ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തു. നിശ്ചിത കാലയളവിനുള്ളിൽ ഐറിഷ് ഡ്രെയിൻ സംവിധാനമൊഴികെ ബാക്കിയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബിൽ നം.21/21-22 /01.04.22 പ്രകാരം 4,85,497/- രൂപ പാർട്ട് ബില്ലായി അനുവദിച്ച് നൽകുകയും ചെയ്തു.

മഴവെള്ളം ഒഴുകി പോകുന്നതിനും റോഡിന്റെ സംരക്ഷണത്തിനും ഐറിഷ് ഡ്രെയിൻ സംവിധാനം അനിവാര്യമാണെന്നിരിക്കെ പദ്ധതിയുടെ ടി പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കരാറുകാരനിൽ നിന്ന് റീടെൻഷൻ തുകയായി 10837/- രൂപ ഈടാക്കിയിട്ടുണ്ട്.പ്രവൃത്തി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-33 സ്ത്രീ സൗഹൃദമാകാത്ത സ്ത്രീ സൗഹൃദ വിശ്രമ മുറി

ഗ്രാമ പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന സ്ത്രീകൾക്ക് വിശ്രമിക്കുവാനുള്ള സൗകര്യം , പാലൂട്ടുന്ന അമ്മമാർക്ക് ഫീഡിംഗ് റൂം , പ്രാഥമിക ആവശ്യങ്ങൾക്കായി ടോയ് ലറ്റ് എന്നിവയ്ക്കായി ഒരു പ്രത്യേക കെട്ടിടം ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ അതേ കോമ്പൗണ്ടിൽ മുൻ വർഷ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട് . പണി പൂർത്തീകരിച്ച് ഉദ്ഘാടനവും കഴിഞ്ഞ കെട്ടിടം നാളിതു വരെ ഉപയോഗിക്കാതെ വെറുതെ ഇട്ടിരിക്കുകയാണ് .




സ്ത്രീ സൗഹൃദ വിശ്രമ മുറിയെന്നാണ് കെട്ടിടത്തിന് പേരെങ്കിലും അവരുടെ ആവശ്യങ്ങൾക്കായി ഇത് തുറന്നു കൊടുക്കാത്തത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ നിന്നുള്ള വ്യതിയാനമാണ് .

കെട്ടിടം നിർമ്മിച്ച ഉദ്ദേശം നടപ്പാക്കാൻ സാധ്യതയില്ലായെങ്കിൽ കെട്ടിടം നിഷ്ക്രിയ ആസ്തിയായി മാറാതെ , സ്ഥല പരിമിതി മൂലം വീർപ്പ് മുട്ടുന്ന പഞ്ചായത്ത് ഓഫീസിലെ കുടുംബശ്രീ ഓഫീസ് , വി ഇ ഒ ഓഫീസ് എന്നിവയിൽ ഏതിന്റെയെങ്കിലും പ്രവർത്തനം ഈ മുറിയിലേക്ക് മാറ്റുന്നത് പരിഗണിക്കാവുന്നതാണ് . വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-34 പുറമ്പോക്കുകളുടെ സംരക്ഷണം

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169 (5) ,218(എ) എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറുകയോ നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക് ഭൂമികളുടെ അവകാശവും സംരക്ഷണവും ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ് .ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയ്യേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് മുഖേന നിറവേറ്റിവരുന്നു.

2021-22 കാലയളവിലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സിൽ പുറമ്പോക്കുകൾ സംബന്ധിച്ച പരാമർശം ഉള്ളതിനാൽ പുറമ്പോക്കുകളുടെ സംരക്ഷണത്തിനായി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച

നടപടികളുടെ വിശദീകരണവും പുറമ്പോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കുവാനും നല്കിയ ഓഡിറ്റ് അന്വേഷണം നം. 17/21-22/13.02.2023 ന് രജിസ്റ്റർ കാലികമാക്കി ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി .

പുറമ്പോക്കുകളുടെ സംരക്ഷണം പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലകളിൽപ്പെട്ടത് ആയതിനാൽ അതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . പഞ്ചായത്ത് പരിധിയിലെ മുഴുവൻ പുറമ്പോക്ക് ഭൂമിയും സംബന്ധിച്ചുള്ള കൃത്യമായ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് .

## 1-35 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതിയും ജിഎസ്ടിയും ഈടാക്കിയില്ല

തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ മെറ്റീരിയൽ വർക്കുകളുടെ കണക്ക് പ്രകാരം ഗ്രാമ പഞ്ചായത്തിൽ 2021-22വർഷം മെറ്റീരിയൽ ഘടകം ഉൾപ്പെട്ട 5 റോഡ് വർക്കുകൾ നടപ്പാക്കിയിട്ടുണ്ട് .

റോഡ് കോൺക്രീറ്റിംഗ് പ്രവ്യത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതിയും, 2.5 ലക്ഷം രൂപയിൽ അധികം നൽകിയ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടിയും കുറവ് ചെയ്തിട്ടില്ല .

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ് /16/ആർഇജിഎസ്സ് സർക്കുലറിൽ , 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി ( 1% ) | ഈടാക്കേണ്ട GST ( 2% ) |
|---|---|---|---|---|---|
| 1 | തോട്ടത്തിൽ കിഴക്ക് വൃന്ദാവൻ പാടശേഖരം റോഡ് കോൺക്രീറ്റിംഗ് (വാർഡ് 5) (RC/323145) | ഷിബു.എൻ | 384192 | 3841.92 | 7683.84 |
| 2 | പഞ്ചായത്തിന് കിഴക്ക് ഭാഗത്ത് റോഡ് കോൺക്രീറ്റിംഗ് (വാർഡ് 4) (RC/323139)(M-book ഇല്ല) | ഷിബു.എൻ | 272886 | 2728.86 | 5457.72 |
| 3 | അരീക്കടത്ത് മുക്ക് മുതൽ മൂത്താശ്ശേരിൽ വരെ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 5) | ഷിബു.എൻ | 386212 | 3862.12 | 7724.24 |

| | | | | | |
|---|---|---|---|---|---|
| | (RC/323144) | | | | |
| 4 | പനച്ചുരയ്യത്ത് ഭാഗം മുതൽ കമ്പംകളം വരെ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 4) (RC/323140) | ഷിബു.എൻ | 389950 | 3899.50 | 7799 |
| | ആകെ | | | 14332/- | 28664/- |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/13.02.2023) പേയ്മെന്റ് നൽകുന്ന ബില്ലുകളിൽ നിന്നും ആദായ നികുതി, ജി.എസ്.ടി എന്നിവ കുറവ് ചെയ്യാനാവശ്യമായ സംവിധാനം എം.ഐ.എസി ൽ ലഭ്യമല്ലാത്തതിനാലാണ് മുഴുവൻ തുകയും കരാറുകാരന് നൽകാനിടയായതെന്നും ഇത്തരം സംവിധാനം ഏർപ്പെടുത്തുന്ന മുറയ്ക്ക് ഭാവിയിൽ കരാറുകാരുടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും മറുപടി ലഭിച്ചു. നഷ്ടമായ തുക കരാറുകാരിൽ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-36 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ചുനക്കര ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും ,നടപ്പാക്കിയ പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 78 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4178 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1483 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1483 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 94370 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 66 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 201 |

ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 366 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 366 |
| തൻവർഷം പൂർത്തിയാക്കിയത് | 269 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 66 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 31 |

വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 17 | 3197814 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 128 | 21348403 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 7 | |
| 4 | വരൾച്ചാ നിവാരണം | -- | -- |
| 5 | റൂറൽ കണക്ടിവിറ്റി | 12 | 322842 |

| | | | |
|---|---|---|---|
| 6 | മറ്റ് പ്രവൃത്തികൾ | 202 | 3166718 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 310640 | പാലിന് സബ്സിഡി (വനിത) | 310640 | 0 |
| | | 200000 | പാലിന് സബ്സിഡി ( ജനറൽ) | 200000 | 0 |
| | | 600000 | സമഗ്ര നെൽകൃഷി വികസനം നിറ പദ്ധതി | 600000 | 0 |
| | | 1530000 | ലൈഫ് ഭവന നിർമ്മാണം (എസ് സി) | 1530000 | 0 |
| | | 840000 | ലൈഫ് ഭവന നിർമ്മാണം( ജനറൽ) | 840000 | 0 |
| | | 200000 | അനുപൂരക പോഷകാഹാര വിതരണം(എസ് സി) | 200000 | 0 |
| | | 192324 | പാലിയേറ്റീവ് പരിചരണ | 192324 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പരിപാടി | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | പാലിന് സബ്സിഡി ( ജനറൽ) | 100000 | 0 |
| | | 466410 | സമഗ്ര നെൽകൃഷി വികസനം നിറ പദ്ധതി | 466410 | 0 |
| | | 2000000 | ലൈഫ് ഭവന നിർമ്മാണം (എസ് സി) | 2000000 | 0 |
| | | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| | | 209349 | സാന്ത്വന സ്പർശം -ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 209349 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 110/22, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | XVFC/2021-22 / P/2/ 26.09.2021 | 437792/- | 0 | 437792/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 5806760 (B-16) | 5806760 | 1554666 | | 4252094 |

B-5 -Secured Loan 6126760/-രൂപ . 320000/-രൂപയുടെ വ്യത്യാസം മുൻ വർഷം മുതൽ നിലനിൽക്കുന്നു .

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പരാമർശം ഇല്ല

### 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 93583955 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73435592 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1946335 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 807510 | ശ്രീമതി ഗംഗാ ലക്ഷ്മി,സെക്രട്ടറി |
| 1-23 | 267325 | ശ്രീമതി ഗംഗാ ലക്ഷ്മി,സെക്രട്ടറി ( 161500/-രൂപ)<br>ശ്രീമതി രേണു ആർ ,അസി .സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്ജ് ) (105825/-രൂപ) |

| | | |
|---|---|---|
| 1-24 | 773500 | ശ്രീമതി ഗംഗാ ലക്ഷ്മി,സെക്രട്ടറി |
| 1-29 | 23000 | ഡോ അനിൽ കുമാർ എസ് ,മെഡിക്കൽ ഓഫീസർ ,സി എച്ച് സി |
| 1-31 | 75000 | ശ്രീമതി നിള ഹിരൺ , അസി .എഞ്ചിനീയർ |
| ആകെ | 1946335 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-35-ആദായ നികുതി-14332/-രൂപ ജി എസ് ടി-28664/-രൂപ

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗംഗാ ലക്ഷ്മി,സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു | കൃഷ്ണ കൃപ , പല്ലാരിമംഗലം പിഒ , മാവേലിക്കര |
| ശ്രീമതി രേണു ആർ ,അസി .സെക്രട്ടറി | അസി .സെക്രട്ടറി,ചുനക്കര ഗ്രാമ പഞ്ചായത്ത് | വിജയ ഭവനം , എരുവ പി ഒ , കായംകുളം |
| ഡോ അനിൽ കുമാർ എസ് ,മെഡിക്കൽ ഓഫീസർ , സി എച്ച്സി | മെഡിക്കൽ ഓഫീസർ , സി എച്ച് സി,ചുനക്കര | ദിവ്യ പ്രഭ , പാപ്പനംകോട് .പി.ഒ , തിരുവനന്തപുരം |
| ശ്രീമതി നിള ഹിരൺ , അസി .എഞ്ചിനീയർ | അസി .എഞ്ചിനീയർ,ചുനക്കര ഗ്രാമ പഞ്ചായത്ത് | കടവിൽ പടീറ്റതിൽ , അഴീക്കൽ പി ഒ , കരുനാഗപ്പള്ളി , കൊല്ലം |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |

| | |
|---|---|
| 1999-2000 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2000-01 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2008-09 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2009-10 | എൽ.എഫ്.പി.9/1200/10/21.03.2011 /31.03.2011 |
| 2010-11, 2011-12 | എൽ.എഫ്.പി.6/370/2014/23.06.2014/ 08.08.2014 |
| 2012-13 | എൽ.എഫ്.പി.6/141/2010/31.03.2015 |
| 2013-14 | കെ.എസ്.എ/എ.എൽ.പി./പി.6-1080 /2015/18.09.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി./പി.12-820 /2016/26.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി./പി12/ 1538/16 തീയതി,27.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി12 -1189/2017 തീയതി,13.09.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി12 -1202/2018തീയതി.03.09.2018 |
| 2018-19 | കെ.എസ്.എ/എ.എൽ.പി /പി12-303/2020 തീയതി .28.05.2020 |
| 2019-20 | കെ.എസ്.എ/എ.എൽ.പി /പി12-381/2021 തീയതി .12.04.2021 |
| 2020-21 | കെ.എസ്.എ/എ.എൽ.പി /പി12-578/2022 തീയതി .03.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്